നാട്ടുവർത്തമാനം

ആയിക്കരയിൽനിന്ന് അപൂർവ തിരിക്കുറ്റി തോക്ക് കണ്ടെടുത്തു

കണ്ണൂർ ▸ നൂറ്റാണ്ടുകൾക്കു മുൻപ് കേരളവും യൂറോപ്യൻ രാജ്യങ്ങളും തമ്മിലുണ്ടായിരുന്ന ബന്ധത്തെക്കുറിച്ചും അന്നത്തെ യുദ്ധോപകരണങ്ങളെക്കുറിച്ചുമുള്ള പഠനത്തിൽ കൂടുതൽ സാധ്യത തുറന്ന് അപൂർവമായ തിരിക്കുറ്റി തോക്ക് കണ്ടെത്തി. മധ്യകാലത്തെ വെടിക്കോപ്പുകളിൽ പ്രധാനമായ തിരിക്കുറ്റി തോക്ക് ആയിക്കരയിലെ മാപ്പിളബേയിൽനിന്നാണ് ലഭിച്ചത്. തോക്ക് കോഴിക്കോട് പഴശ്ശിരാജ ആർക്കിയോളജിക്കൽ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.

ഡ്രെഡ്ജിങ് നടത്തുമ്പോഴാണ് കോൺക്രീറ്റ് തൂൺ എന്ന് തോന്നിപ്പിക്കുന്ന വസ്തുവും പീരങ്കിയും തൊഴിലാളികൾക്ക് കിട്ടിയത്. അവരത് ബേപ്പൂരിലേക്ക് മാറ്റി. പുരാവസ്തു ഗവേഷണവിഭാഗം ഉദ്യോഗസ്ഥരെത്തി പരിശോധിച്ചപ്പോഴാണ് തിരിക്കുറ്റി തോക്കാണെന്ന് തിരിച്ചറിഞ്ഞത്. തിരിക്കുറ്റി തോക്കുകൾ അപൂർവമാണെന്ന് പുരാവസ്തു ഗവേഷകനും പഴശ്ശിരാജ ആർക്കിയോളജിക്കൽ മ്യൂസിയത്തിലെ ഓഫീസർ ഇൻ ചാർജുമായ കെ. കൃഷ്ണരാജ് പറഞ്ഞു.

യുദ്ധോപകരണങ്ങളെക്കുറിച്ചുള്ള പഠനത്തിൽ കൂടുതൽ സാധ്യത തുറക്കും

15, 16 നൂറ്റാണ്ടുകളിൽ പോർച്ചുഗീസുകാർ ഇവ ഉപയോഗിച്ചിരുന്നു. ലഭിച്ച തിരിക്കുറ്റി തോക്ക് പോർച്ചുഗീസുകാർ ഉപയോഗിച്ചിരുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

ഇരുമ്പുരുക്കിൽ നിർമിച്ച തോക്കിന് 192 സെന്റീമീറ്റർ നീളമുണ്ട്. ബാരൽ ഭാഗത്തിന് 136 സെന്റീമീറ്ററാണ് നീളം. പിന്നിൽനിന്നാണ് ഇവ ലോഡ് ചെയ്യുന്നത്. കേരളതീരത്തുനിന്ന് ഇത്തരത്തിലുള്ള തോക്ക് മുൻപ് കണ്ടെത്തിയിട്ടുണ്ടോയെന്ന് സംശയമാണ്.

നൂറ്റാണ്ടുകളോളം കടലിൽ കിടന്നതോടെ സാമുദ്രിക ഘനീകരണം (ലവണങ്ങളും സമുദ്രജീവികളുടെ അവശിഷ്ടങ്ങളും അടിഞ്ഞ് വസ്തുവിന്റെ പുറത്ത് കട്ടിയുള്ള പാളി രൂപപ്പെടൽ) സംഭവിച്ചു. അവ അടർത്തിമാറ്റിയാണ് തിരിക്കുറ്റി തോക്ക് വീണ്ടെടുത്തത്.

ചെറിയ വെടിക്കോപ്പുകളാണ് പോർച്ചുഗീസ് തിരിക്കുറ്റിത്തോക്കുകൾ. പോർച്ചുഗീസുകാർ 15-ാം നൂറ്റാണ്ടിന്റെ അവസാനം മുതൽ ചെറുതും വലുതുമായ പീരങ്കികളും തിരിക്കുറ്റി തോക്കുകളും ഉപയോഗിച്ചിരുന്നു. അടുത്തുള്ള ചെറിയ ലക്ഷ്യങ്ങൾ ഉന്നംവെക്കാവുന്ന രീതിയിലാണ് രൂപകല്പന. പിവട്ടിങ് സ്റ്റാൻഡിൽ ഘടിപ്പിച്ച തോക്കുകൾ ഏതു ദിശയിലേക്കും വേഗത്തിൽ തിരിക്കാം.

പിന്നിൽനിന്ന് നിറയ്ക്കാവുന്ന തിരിക്കുറ്റി തോക്കുകൾ 16-ാം നൂറ്റാണ്ടിൽ പോർച്ചുഗീസ് കപ്പലുകളിലും കോട്ടകളിലും ഉപയോഗിച്ചിരുന്നു.

▶ ആയിക്കരയിൽനിന്ന് ലഭിച്ച തിരിക്കുറ്റി തോക്ക്

▶ ആയിക്കരയിൽനിന്ന് ലഭിച്ച പീരങ്കി

തിരിക്കുറ്റി തോക്കിനൊപ്പം പീരങ്കിയും ആയിക്കരയിൽനിന്ന് ലഭിച്ചിരുന്നു. സാമാന്യം വലിയ പീരങ്കിയാണിത്. ബാരലിന് 140 സെന്റീമീറ്റർ നീളമുണ്ട്.

കണ്ണൂർ ജില്ലാ ആശുപത്രി ഡോക്ടർ ഇന്ന്

ഫോൺ: 0497 2731555

ഒപി വിഭാഗങ്ങൾ

- ജനറൽ മെഡിസിൻ: ഡോ. പ്രിയങ്ക
- ഓർത്തോപീഡിക്സ്: ഡോ. രാജ് മോഹൻ
- ശിശുരോഗവിഭാഗം: ഡോ. സുരേഷ് ബാബു
- ഗൈനക്കോളജി: ഡോ. സീമ/ ഡോ. ഷോണി
- ജനറൽ സർജറി: ഡോ. ഹസീന
- ത്വഗ്രോഗ വിഭാഗം: ഡോ. ജയേഷ്
- നേത്രരോഗവിഭാഗം: ഡോ. ജെയ്സി
- സൈക്യാട്രി: ഡോ. ദിൽന
- ശ്വാസകോശ വിഭാഗം: ഡോ. പ്രഷീൻ
- ഡെന്റൽ: ഡോ. സൻജിത് / ഡോ. മിൽന/ഡോ. സിനിഷ
- ഇ.എൻ.ടി: ഡോ. ഷിത
- എൻ.സി.ഡി: ഡോ. ഫിദ
- ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബ്: ഡോ. മനോജ്
- ഫോറൻസിക് സർജൻ: ഡോ. അഗസ്റ്റസ് ജോസഫ്
- സൂപ്പർ സ്പെഷ്യലിറ്റി വിഭാഗം
- നെഫ്രോളജി: ഡോ. രോഹിത് രാജ്

ഇല്ലാത്ത ഒപികൾ

▸ കാർഡിയോളജി, ഓങ്കോളജി, പെയിൻ ആൻഡ് പാലിയേറ്റീവ്

നവരാത്രി മാഹാത്മ്യം

പ്രൊഫ. പറമ്പിൽ ജയകുമാർ

ജ്ഞാനം, വിജ്ഞാനം, സംജ്ഞാനം

ആത്മാവിനെ അറിയുന്നത് ജ്ഞാനവും ശാസ്ത്രാദികൾ അറിയുന്നത് വിജ്ഞാനവുമാണ്. എന്നാൽ, ജീവരാശിയുടെ നിലനിൽപ്പിന് ആധാരമായ സർവോത്കൃഷ്ടമായ അറിവാണ് സംജ്ഞാനം. സംജ്ഞാനാർജനത്തിലൂടെ സഹജമായ അഹങ്കാരത്തെ മൂടോടെ പിഴുതുമാറ്റാനുള്ള പ്രചോദനം നൽകുന്നതാണ് നവരാത്രി ആഘോഷം. മനസ്സും വാക്കും കർമവും ശുദ്ധീകരിച്ച് ഉത്തമമായ ജീവിതപന്ഥാവും പാഥേയവും സ്വീകരിക്കാൻ ഇത് പ്രേരണ നൽകുന്നു.

ഇച്ഛാശക്തി, ക്രിയാശക്തി, ജ്ഞാനശക്തി എന്നിവയുടെ പ്രതീകങ്ങളായ മഹാകാളിയും മഹാലക്ഷ്മിയും മഹാസരസ്വതിയും ആരാധിക്കപ്പെടുകയും ആ പ്രപഞ്ചമാതാക്കൾ രുദ്രനോടും വിഷ്ണുവിനോടും ബ്രഹ്മാവിനോടും സംഗമിച്ച ധന്യമുഹൂർത്തങ്ങൾ സ്മരിക്കപ്പെടുകയുംചെയ്യുന്നു.

മലിനവും ചപലവുമായ മനസ്സിന്റെയും ബുദ്ധിയുടെയും ശുദ്ധീകരണത്തിനുള്ള സംഘടിതയത്നമാണ് നവരാത്രി ആഘോഷത്തിലൂടെ നടക്കുന്നത്. ഈശ്വരാനുഗ്രഹംകൊണ്ട് ലഭിക്കുന്ന സമ്പത്തും സ്ഥാനമാനങ്ങളും പലരെയും മത്തുപിടിപ്പിക്കുന്നു. ഭഗവാൻ കനിഞ്ഞുനൽകുന്നതാണിതൊക്കെ എന്ന സത്യം വിസ്മരിച്ചുകൊണ്ട് മനുഷ്യൻ താനൊരു കേമനാണെന്ന് ധരിക്കുന്നു. ഭഗവൽപ്രസാദമായി ലഭിച്ച സമ്പത്തും സ്ഥാനമാനങ്ങളും മറ്റുള്ളവർക്ക് ദ്രോഹപ്രവൃത്തി ചെയ്യുന്നതിനായി വിനിയോഗിക്കുന്നു. സഹജീവികളെ ദ്രോഹിക്കുന്നതിലൂടെ ആനന്ദമനുഭവിക്കുന്ന അഹങ്കാരികളായ മഹിഷാസുരന്മാർ സമൂഹത്തിൽ ഏറെയുണ്ട്.

ജീവാത്മാവിന്റെ പരമാത്മാവിലേക്കുള്ള പ്രയാണമാർഗത്തിൽ പ്രതിബന്ധം സൃഷ്ടിച്ചുകൊണ്ട് നിലകൊള്ളുന്നതാണ് കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, ഡംഭ്, അസൂയ എന്നീ എട്ടുതലകളുള്ള അഹങ്കാരസർപ്പം. ഇതിനെയാണ് അഷ്ടാഹങ്കാരങ്ങളെന്നും അഷ്ടരാഗങ്ങളെന്നും മറ്റും പറയുന്നത്.

പരമാത്മാവിലേക്കുള്ള മനുഷ്യന്റെ യാത്രയ്ക്ക് തടസ്സംസൃഷ്ടിച്ചുകൊണ്ട് നിലകൊള്ളുന്നതും മനുഷ്യനെ സംസാരചക്രത്തിൽ തളച്ചിട്ട് ദുഃഖിപ്പിക്കുന്നതുമായ അഹങ്കാരസർപ്പത്തിന്റെ എട്ടു തലകളെയും വിവേകാനുഭൂതി എന്ന വാളുകൊണ്ട് ഒന്നൊന്നായി ഛേദിച്ചുകഴിഞ്ഞാൽ പിന്നീട് 'നവമി'യുടെ ഉദയമായി.

അജ്ഞാനത്തിന്റെ അന്ധകാരം നിറഞ്ഞ എട്ട് രാവുകളിൽനിന്ന് രക്ഷപ്പെട്ടാൽ അഷ്ടാഹങ്കാരങ്ങൾ അകലുകയും സംജ്ഞാനപ്രഭ ചൊരിയുന്ന 'നവമി' എന്ന പുതുമയിലെത്തുകയും ചെയ്യുന്നു.

സംജ്ഞാനം സിദ്ധിച്ച വ്യക്തി, സർവതന്ത്രസ്വതന്ത്രമായ ശാന്തിയുടെയും ആനന്ദത്തിന്റെയും ഔന്നത്യത്തിലേക്കുയരുന്നു. ആ വിജയം സംഭവിക്കുന്ന ദിവസമാണ് വിജയദശമി.

മാഹി തിരുനാൾ

ശയനപ്രദക്ഷിണം നടത്തി ആയിരങ്ങൾ

മയ്യഴി ▸ മാഹി പള്ളിയിലെ വിശുദ്ധ സെയ്ന്റ് തെരേസ ബസിലിക്ക പുണ്യവതിയുടെ തിരുനാളിന്റെ സവിശേഷവും പ്രധാനപ്പെട്ടതുമായ ചടങ്ങായ ഉരുൾനേർച്ച (ശയനപ്രദക്ഷിണം)യിൽ ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്തു. .

വ്യാഴാഴ്ച പുലർച്ചെ ഒന്നിന് തുടങ്ങിയ ശയനപ്രദക്ഷിണം രാവിലെ ആറുവരെ നീണ്ടു. അർധരാത്രി മുതൽ ദേവാലയത്തിന് മുന്നിൽ ഉരുൾച്ചയിൽ പങ്കെടുക്കാൻ സ്ത്രീകൾ ഉൾപ്പെടെയുള്ള വിശ്വാസികളുടെ നീണ്ടനിരയായിരുന്നു. കോഴിക്കോട് രൂപതാ വികാരി ജനറൽ ഡോ. ജെൻസൻ പുത്തൻവീട്ടിലിന്റെ പ്രാർഥനയോടെയാണ് ഉരുൾച്ച തുടങ്ങിയത്. സഹ വികാരി ഫാ. ബിനോയ് എബ്രഹാം, പാരിഷ് പാസ്റ്റൽ കൗൺസിൽ, ആഘോഷക്കമ്മിറ്റി, മാതൃസംഘടനകൾ, യുവജനവിഭാഗം, കൊമ്പിരി അംഗങ്ങൾ എന്നിവർ ചടങ്ങിന് നേതൃത്വം വഹിച്ചു.

രാവിലെ കോഴിക്കോട് രൂപത മെത്രാൻ ഡോ. വർഗീസ് ചക്കാലക്കലിന്റെ കാർമികത്വത്തിൽ ആഘോഷമായ ദിവ്യബലി നടന്നു. കോഴിക്കോട് അതിരൂപത വികാരി ജനറൽ ഡോ. ജെൻസൺ പുത്തൻവീട്ടിൽ ഇടവക റെക്ടർ ഫാ. സെബാസ്റ്റ്യൻ കാരക്കാട്ട്, സഹവികാരി ബിനോയ് അബ്രഹാം, ഗ്രേഷ്യസ് ടോണി നേവസ്, ബെന്നി മണപ്പാട്ട്, സഹവൈദികർ, ഡീക്കന്മാർ തുടങ്ങിയവർ ദിവ്യബലിയിൽ സഹകാർമികരായി. തുടർന്ന് നൊവേന, പ്രദക്ഷിണം ദിവ്യകാരുണ്യ ആരാധന എന്നിവയും നടന്നു. പാരിഷ് പാസ്റ്ററൽ കൗൺസിൽ നേതൃത്വം നൽകി.

ദേവാലയത്തിലെത്തിയ ബിഷപ്പിന് സ്വീകരണവും നൽകി. വൈകുന്നേരം ബിഷപ്പിന്റെ അധ്യക്ഷതയിൽ മേരിമാതാ കമ്യൂണിറ്റി ഹാളിൽ വിശിഷ്ടവ്യക്തികൾ പങ്കെടുത്ത സ്നേഹസംഗമവുമുണ്ടായി. ടി.അശോക് കുമാർ എം.എൽ.എ. ഉദ്ഘാടനം ചെയ്യു. 16-ന് വൈകിട്ട് ആറിന് ഫാ. മദലൈ മുത്തുവിന്റെ കാർമികത്വത്തിൽ തമിഴിൽ സാഘോഷ ദിവ്യബലി നടക്കും. ഫാ. മൈക്കിൾ പുന്നക്കൽ സന്ദേശം നൽകും. 17-ന് ഫ്രഞ്ച് ഭാഷയിലും 19-ന് കൊങ്കിണിയിലും ആഘോഷമായ ദിവ്യബലി നടക്കും. പൊതുവണക്കത്തിനായി ദേവാലയത്തിൽ പ്രതിഷ്ഠിച്ച അമ്മ ത്രേസ്യായുടെ തിരുസ്വരൂപം 22-ന് ഉച്ചകഴിഞ്ഞ് അൾത്താരയിലേക്ക് മാറ്റുന്നതോടെ 18 ദിവസത്തെ തിരുനാൾ സമാപിക്കും.

സമദർശന സാഹിത്യ പുരസ്കാരം വി. സുരേഷ്കുമാറിന്



കാഞ്ഞങ്ങാട് ▸ ചെങ്ങന്നൂർ സമദർശന സാംസ്കാരിക പഠനകേന്ദ്രത്തിന്റെ അഞ്ചാമത് സാഹിത്യ പുരസ്കാരം (25,000 രൂപയും പ്രശസ്തിപത്രവും) തളിപ്പറമ്പ് പരണൂൽ സ്വദേശിയായ വി. സുരേഷ്കുമാറിന്.

മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച 'മന്ദപുമാരന്റെ കന്യകകൾ' എന്ന കൃതിക്കാണ് പുരസ്കാരം. 2027 ജനുവരിയിൽ തിരുവല്ലയിൽ അവാർഡ് സമ്മാനിക്കുമെന്ന് സമദർശന പ്രസിഡന്റ് ഫാ. ഡോ. മാത്യൂസ് വാഴക്കുന്നം അറിയിച്ചു. സുരേഷ്കുമാർ കാഞ്ഞങ്ങാട് മാതൃഭൂമി ബുക്സിലെ കസ്റ്റമർ റിലേഷൻ എക്സിക്യൂട്ടീവാണ്.

ജോസഫ് അന്നംകുട്ടി ജോസ് ഇന്ന് കണ്ണൂർ മാതൃഭൂമി ബുക്സിൽ

കണ്ണൂർ ▸ മോട്ടിവേഷണൽ സ്പീക്കറും എഴുത്തുകാരനുമായ ജോസഫ് അന്നംകുട്ടി ജോസ് വെള്ളിയാഴ്ച കണ്ണൂർ സിറ്റി സെന്ററിലെ മാതൃഭൂമി ബുക്സിൽ എത്തുന്നു. അഞ്ചുമാസത്തിനുള്ളിൽ 50-ാം പതിപ്പിലെത്തിയ അദ്ദേഹത്തിന്റെ പുതിയ പുസ്തകമായ 'ആരും കാണാത്ത യുദ്ധങ്ങൾ' ബുക് സൈനിങ് സെഷനിൽ അദ്ദേഹം പങ്കെടുക്കും. വൈകിട്ട് അഞ്ചുമുതൽ ആറുവരെ നടക്കുന്ന പരിപാടിയിൽ, പ്രത്യേക വിലക്കിഴിവിൽ എഴുത്തുകാരന്റെ കൈയൊപ്പോടെ പുസ്തകം വാങ്ങാനുള്ള സൗകര്യമുണ്ടായിരിക്കും. എഴുത്തുകാരനോടൊപ്പം ഫോട്ടോയെടുക്കാനുള്ള സൗകര്യവുമുണ്ടാകും. ഫോൺ: 8590603152.

കൂടുതൽ നാട്ടുവർത്തമാനം
പേജ് 02, 04, 13

ചെമ്പൊട്ടിക്കുന്നിലെ കുടക്കല്ലുകൾ ഇനി ചരിത്രസ്മാരകം

എ.വി. ഗിരീശൻ
കരിവെള്ളൂർ

▸ കരിവെള്ളൂർ പെരളം പഞ്ചായത്തിലെ മാലാപ്പ് ചെമ്പൊട്ടിക്കുന്നിലെ 3000 വർഷത്തോളം പഴക്കമുള്ള മഹാശിലായുഗശേഷിപ്പുകളുടെ സംരക്ഷണ പ്രവൃത്തികൾ പുരാവസ്തുവകുപ്പ് പൂർത്തിയാക്കി. പഴശ്ശിരാജ പുരാവസ്തു മ്യൂസിയം ഓഫീസർ കെ. കൃഷ്ണരാജിന്റെ നേതൃത്വത്തിലുള്ള സംഘം 20 ദിവസം കൊണ്ടാണ് സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കിയത്. ഏഴ് കുടക്കല്ലുകളും ഒരു തൊപ്പിക്കല്ലുമാണ് ചെമ്പൊട്ടിക്കുന്നിലെ ഇല്ലപ്പറമ്പിൽ കണ്ടെത്തിയിരുന്നത്. മൂന്ന് കുടക്കല്ലുകൾ പഴയ രീതിയിൽ പുനരുദ്ധരിക്കാൻ കഴിഞ്ഞു. മറ്റുള്ളവയുടെ പല ഭാഗങ്ങളും പൊട്ടിപ്പോയിട്ടുണ്ട്.

മറ്റ് ചരിത്രസ്മാരകങ്ങളിൽനിന്ന് വ്യത്യസ്തമായി നിരവധി പ്രത്യേകതകളുള്ളതാണ് ചെമ്പൊട്ടിക്കുന്നിലെ ശേഷിപ്പുകളെന്നാണ് ചരിത്രകാരന്മാർ പറയുന്നത്. ഒരു കുടക്കല്ലിലെ കുടയുടെ ആകൃതിയിലുള്ള മേൽമൂടി കേരളത്തിൽ കണ്ടെത്തിയതിൽ ഏറ്റവും വലുപ്പമുള്ളതാണ്. ഇത് രണ്ടായി പൊട്ടിയത് കൊണ്ട് പൂർവസ്ഥിതിയിലാക്കാൻ കഴിഞ്ഞിട്ടില്ല. അതേപോലെ കുടക്കല്ലുകൾക്ക് ചുറ്റും ചെങ്കല്ല് കൊണ്ടും കരിങ്കല്ല് കൊണ്ടുമുള്ള രണ്ട് സംരക്ഷണ ഭിത്തികളുമുണ്ട്. കുടക്കല്ലുകളിലെ കുത്തുകല്ലുകളിൽ വൃത്ത, ചതുരാകൃതികളിലുള്ള പഴുതുകളുമുണ്ട്. കുടക്കല്ലിനുള്ളിൽ നിന്ന് ചുണ്ടുള്ള കോപ്പ, തെരിക, മൺപാത്രങ്ങൾ, അസ്ഥികൾ ഇവ ലഭിച്ചിട്ടുണ്ട്.

മൃതദേഹം ദഹിപ്പിച്ച ശേഷം അസ്ഥികളുടെ അവശിഷ്ടം കുടത്തിലാക്കി കുടക്കല്ലുകൾക്കിടയിൽ വെച്ച രീതിയിലാണുള്ളത്.

▶ ചെമ്പൊട്ടിക്കുന്നിലെ കാഴ്ച

ഇല്ലപ്പറമ്പിന്റെ തൊട്ടടുത്ത പറമ്പിൽ പാറച്ചിത്രങ്ങളും കണ്ടെത്തിയിട്ടുണ്ട്. കരിങ്കല്ലിൽ ചിത്രങ്ങൾ കോറിവരച്ച രീതിയിലുള്ളത് കൊഴുമ്മലിന്റെ സമീപ പ്രദേശങ്ങളായ ഏച്ചിലാംവയൽ, പുത്തൂർ, കൂക്കാനം, കാങ്കോൽ എന്നീ പ്രദേശങ്ങളിലും നിരവധി ചരിത്രശേഷിപ്പുകൾ കണ്ടെത്തിയിട്ടുണ്ട്.

വേണ്ടത് തുടർ സംരക്ഷണം

3000 വർഷത്തോളം പഴക്കമുള്ള ചെമ്പൊട്ടിക്കുന്നിലെ ചരിത്രശേഷിപ്പുകൾ കാട് മൂടി നാശത്തിന്റെ പാതയിലായിരുന്നു. 'മാതൃഭൂമി'യാണ് ഇക്കാര്യം പുറംലോകത്തെത്തിച്ചത്. പുരാവസ്തുവകുപ്പ് ഇടപെട്ടതുകൊണ്ട് മാത്രമാണ് ചരിത്രശേഷിപ്പുകൾ ഇപ്പോൾ സംരക്ഷിച്ചു നിർത്താൻ കഴിഞ്ഞത്. സ്ഥലമുടമ പെരികമന നാരായണൻ നമ്പൂതിരിയുടെ അനുകൂലനിലപാടും ഏറെ സഹായകരമായി. സംരക്ഷണമാണ് ഇനിയുള്ള പ്രധാന പ്രശ്നം. നിരവധി ചരിത്രപഠിതാക്കളുടെ സന്ദർശനകേന്ദ്രമായി ചെമ്പൊട്ടിക്കുന്ന് മാറിയിട്ടുണ്ട്. ഇതേ രീതിയിൽ വൃത്തിയോടെ കല്ലുകൾക്ക് കേടുപാട് വരാതെ സംരക്ഷിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിൽ വലിയ പങ്ക് വഹിക്കാൻ കഴിയും. പുരാവസ്തുവകുപ്പ്, തദ്ദേശ സ്വയംഭരണ സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവർ ചേർന്ന് സ്ഥലം ഉടമയുടെ കൂടി പങ്കാളിത്തത്തോടെ ചരിത്ര സ്മാരകമായി മാറ്റാൻ കഴിയണമെന്നാണ് ആവശ്യമുയരുന്നത്.

> **കൂടുതൽ ഗവേഷണം വേണം**
>
> ▸ ഇടനാടൻ കുന്നുകൾ 3000 വർഷങ്ങൾക്കു മുമ്പ് വലിയ ജനവാസകേന്ദ്രമായിരുന്നുവെന്നും വ്യാപാര പാതകളുണ്ടായിരുന്നുവെന്നുമുള്ള തെളിവുകളാണ് പുറത്തുവരുന്നത്. കൂടുതൽ ഗവേഷണം നടത്തിയാൽ വളരെ പ്രാധാന്യമുള്ളതും വികസിതവുമായ സംസ്കാരത്തെ കണ്ടെത്താൻ കഴിയും.
>
> **ഡോ ഇ. ഉണ്ണികൃഷ്ണൻ**
> പുരാവസ്തു ഗവേഷകൻ

എൻ.എസ്.എസ്. നിയമനങ്ങളിൽ മാനദണ്ഡം മറികടന്നുവെന്ന് ആക്ഷേപം

തഴയപ്പെട്ടവർ കോടതിയിലേക്ക്

കണ്ണൂർ ▸ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഹയർസെക്കൻഡറി നാഷണൽ സർവീസ് സ്കീം (എൻ.എസ്.എസ്.) റീജണൽ പ്രോഗ്രാം കൺവീനർ നിയമനത്തിൽ മാനദണ്ഡങ്ങൾ ലംഘിച്ചെന്ന് പരാതി. ഭരണമാറ്റത്തിനുശേഷം വിദ്യാഭ്യാസവകുപ്പിലെ നിയമനങ്ങളിൽ രാഷ്ട്രീയതാത്പര്യത്തിന് മുൻതൂക്കം നൽകുന്നുവെന്നുള്ള ആക്ഷേപങ്ങൾക്കിടെയാണ് എൻ.എസ്.എസിലെ നിയമനവും വിവാദമാവുന്നത്. റീജണൽ പ്രോഗ്രാം കൺവീനർ സ്ഥാനത്തേക്ക് സർക്കുലറിൽ നിർദേശിച്ച യോഗ്യതയില്ലാത്ത ആളെ നിയമിച്ചുവെന്ന് കാണിച്ച് ഹൈക്കോടതിയെ സമീപിക്കുമെന്ന് തഴയപ്പെട്ട അധ്യാപകർ പറഞ്ഞു. മുഖ്യമന്ത്രിക്കും വിദ്യാഭ്യാസമന്ത്രിക്കും പരാതി നൽകും.

കണ്ണൂർ, കാസർകോട് ജില്ലകൾ ഉൾക്കൊള്ളുന്ന മേഖലയിൽ നിന്ന് ഏഴുപേരാണ് അപേക്ഷ നൽകിയത്. ഇതിൽ കണ്ണൂരിൽ നിന്നുള്ള രണ്ടുപേർക്കും കാസർകോടുള്ള ഒരാൾക്കും മാത്രമാണ് നിർദേശിച്ച യോഗ്യതയുണ്ടായിരുന്നതെന്ന് തഴയപ്പെട്ട അധ്യാപകർ പറയുന്നു. യോഗ്യതയില്ലാത്ത മറ്റുള്ളവരെയും കൂടിക്കാഴ്ചയിൽ പങ്കെടുപ്പിച്ചിരുന്നു. പ്രോഗ്രാം ഓഫീസർ, ജില്ലാ, റീജണൽ ക്ലസ്റ്റർ കൺവീനർമാരായി മൂന്നുവർഷമെങ്കിലും ഹയർസെക്കൻഡറി നാഷണൽ സർവീസ് സ്കീമിൽ പ്രവർത്തിച്ചവരിൽ നിന്നാണ് റീജണൽ പ്രോഗ്രാം കൺവീനർമാരായി നിയമിക്കാൻ അപേക്ഷ ക്ഷണിച്ചത്. ക്ലസ്റ്റർ കൺവീനർമാരായും പ്രോഗ്രാം ഓഫീസർമാരായും അഞ്ചുവർഷത്തിലേറെ പ്രവൃത്തിപരിചയമുള്ള മൂന്നുപേരാണ് അപേക്ഷകരിലുണ്ടായിരുന്നത്. ഇവരെ മറികടന്നാണ് നിയമനമെന്നാണ് പരാതി. ജില്ലാതല നിയമനത്തിൽ ഇത്തവണ യോഗ്യതയിൽ ഇളവുവരുത്തിയതും ആക്ഷേപങ്ങൾക്കിടയാക്കിയിരുന്നു.

സമഗ്രശിക്ഷ കേരളത്തിലെ നിയമനങ്ങളിൽ ലീഗ് അനുകൂല സംഘടനകളെ മാത്രം പരിഗണിക്കുന്നുവെന്നാരോപിച്ച് നേരത്തെ കോൺഗ്രസ് അനുകൂല അധ്യാപക സംഘടനയായ കെ.പി.എസ്.ടി.യു. പരസ്യമായി രംഗത്തുവന്നിരുന്നു. ഇതിനുപിന്നാലെയാണ് എൻ.എസ്.എസ്. നിയമനത്തെക്കുറിച്ചും പരാതിയുയരുന്നത്.

തലശ്ശേരി എൻജിനിയറിങ് കോളേജിൽ ബിരുദദാനം

തലശ്ശേരി ▸ തലശ്ശേരി എൻജിനിയറിങ് കോളേജിൽ ബിരുദദാനം ശനിയാഴ്ച. 2026 ബാച്ചിൽ ബി.ടെക്, എം.ടെക്, എം.ബി.എ, എം.ബി.എ, വർക്കിങ് പ്രൊഫഷണൽസ് വിഭാഗങ്ങളിൽ 337 ബിരുദധാരികളിൽ 294 പേർ പങ്കെടുക്കും. കോളേജ് ഇ. നാരായണൻ മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ രാവിലെ 10-ന് ഷാഫി പറമ്പിൽ എം.പി. ഉദ്ഘാടനം ചെയ്യും. പ്രിൻസിപ്പൽ ഡോ. വിനോദ് പൊട്ടക്കുളത്ത്, ഡോ. മുഹമ്മദ് മുബാറക്, സി. ഉണ്ണികൃഷ്ണൻ, പ്രൊഫ. ഒ.കെ. സഫൂറ, പ്രൊഫ. സി. താമര എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

'പരിച' കളക്ടറേറ്റ് ധർണ നടത്തി

കണ്ണൂർ ▸ തെയ്യം വടക്കേ മലബാറിന്റെ തനത് സാംസ്കാരികസ്വത്താണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബിനോയ് കുര്യൻ. വടക്കേ മലബാറിന്റെ തനതായ അനുഷ്ഠാന സംസ്കാരമായ തെയ്യത്തിന്റെ നിലനിൽപ്പും തെയ്യം അനുഷ്ഠിക്കുന്ന സമുദായങ്ങളുടെ അവകാശങ്ങളും സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് പരിചയുടെ നേതൃത്വത്തിൽ കളക്ടറേറ്റിന് മുന്നിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഓം പ്രശാന്ത് ബദരി നാരായണൻ അധ്യക്ഷത വഹിച്ചു. പ്രൊഫ. ബി. മുഹമ്മദ് അഹമ്മദ് മുഖ്യപ്രഭാഷണം നടത്തി. ആർ. ഉണ്ണി മാധവൻ, അരുൺ ഭാരതീയൻ, മോഹനൻ പെരുവണ്ണാൻ, വേണുഗോപാല പണിക്കർ, ലക്ഷ്മണൻ മുതുകുട, സുരേഷ് ബാബു അഞ്ഞൂറ്റാൻ, പ്രസാദ് കർണമൂർത്തി, പദ്മനാഭൻ മൊറാഴ, പി.ടി. ഗോപി, ധനരാജ് കീഴറ, അനിരുദ്ധൻ പെരുമലയൻ, ഷിബിന പി. ചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

▶ തെയ്യം അനുഷ്ഠിക്കുന്ന സമുദായങ്ങളുടെ മനുഷ്യാവകാശങ്ങളും സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് പരിചയുടെ നേതൃത്വത്തിൽ നടന്ന പ്രകടനം

കമ്പോള വിലനിലവാരം

കുരുമുളകിന് 100 രൂപ കൂടി

മട്ടാഞ്ചേരി ▸ കുരുമുളക് അൺഗാർബിൾഡ് ക്വിന്റലിന് വില 100 രൂപ വർധിച്ച് 71,200 രൂപയായി. ഗാർബിൾഡിന് 73,200 രൂപയും. വെളിച്ചെണ്ണ വിലയിൽ മാറ്റമില്ല.

കണ്ണൂർ

കടയിലെ വില	
വെളിച്ചെണ്ണ കിലോ	276
വെളിച്ചെണ്ണ ടിൻ	4100
ലിറ്റർ	258
വെളിച്ചെണ്ണ ക്വിന്റൽ	27333
പിണ്ണാക്ക്	3500
കൊപ്പര ക്വിന്റൽ	14700
തേങ്ങ	4700
അസോസിയേഷൻ വില	
വെളിച്ചെണ്ണ (ടിൻ)	4100
വെളിച്ചെണ്ണ(പെട്ടി)	2570
പിണ്ണാക്ക്	3300
കൊപ്പര	14400
തേങ്ങ	4900
വെല്ലം ഒന്നാംനമ്പർ	6000
വെല്ലം രണ്ടാം നമ്പർ	5800
പഞ്ചസാര	5600
സത്യമംഗലം മുളക് ഫസ്റ്റ്	32000
കടല (മൂസമ്പി)	12000
തുവരപ്പരിപ്പ്	15000
മസൂരിപ്പരിപ്പ്	8300
ഉഴുന്നുപരിപ്പ്	13000
ഗോതമ്പ്	4300
അരി ബാലാജി	4500
പച്ചരി	3100
റോസ്	4500
പൊന്നി	7500
കുറുവ	4700
സ്വർണം (22 കാരറ്റ്)	108120
തങ്കം (10 ഗ്രാം)	145600
വെള്ളി 1 കി	230000

തലശ്ശേരി

കൊപ്പര	14700
വെളിച്ചെണ്ണ(ടിൻ)	4100
പിണ്ണാക്ക്	4000
കുരുമുളക്	68000
അടയ്ക്ക(പഴയത്)	35000

ഇരിട്ടി

റബ്ബർ ഗ്രേഡ്	27100
ലോട്ട്	24600
ഒട്ടുപാൽ	15500
ചിരട്ടപ്പാൽ	15000
കുരുമുളക്	68000
ചുക്ക്	15000
മഞ്ഞൾ	16000
കൊട്ടടക്ക	36500
പച്ചടക്ക	4300

ആലക്കോട്

കുരുമുളക്	66300
റബ്ബർ ലോട്ട്	26200
റബ്ബർ ഗ്രേഡ്	27800
കൊട്ടടക്ക പുതിയത്	36000
ഒട്ടുപാൽ	17700
തേങ്ങ	4900

പയ്യന്നൂർ

കൊപ്ര	14000
അടയ്ക്ക	35000 - 45000
അടയ്ക്ക പുതിയത്	25000-30000
കുരുമുളക്	66000
തേങ്ങ	5200
വെളിച്ചെണ്ണ	4280

തളിപ്പറമ്പ്

കുരുമുളക്	66700
ചുക്ക്	27500
റബ്ബർ ലോട്ട്	26000
ഗ്രേഡ്	27700
ഒട്ടുപാൽ	16500
അടയ്ക്ക(ക്വിന്റൽ)	36000
വെളിച്ചെണ്ണ(ടിൻ)	4050
കൊപ്പര(ക്വിന്റൽ)	14500

വെള്ളരിക്കുണ്ട്

കുരുമുളക് (പുതിയത്)	68000
റബ്ബർ ഗ്രേഡ്	28400
റബ്ബർ ലോട്ട്	26000
ഒട്ടുപാൽ	17500
അടയ്ക്ക പുതിയത്	45000
അടയ്ക്ക (പഴയത്)	49000
തേങ്ങ	5300

കൊച്ചി

വെളിച്ചെണ്ണ മില്ലിങ്	25400.00
കൊപ്ര എടുത്തപടി	15700.00
എഫ്.എ.ക്യു.	15900.00
ആർ.ബി.ഡി. പാംഓയിൽ	14250.00
കുരുമുളക് 500 ജി.എൽ.	70200.00
അൺഗാർബിൾഡ്	71200.00
ഗാർബിൾഡ്	73200.00
ചുക്ക് മീഡിയം	34000.00
ചുക്ക് ബെസ്റ്റ്	36000.00
കയർ നേരിയത്	3800 - 4200.00
അടയ്ക്ക	36000.00
മഞ്ഞൾ സേലം	20000.00
മഞ്ഞൾ അഗ്മാർക്ക് (ഈറോഡ്)	20500.00
ജാതിക്ക ഗുഡ്	310.00
പരിപ്പ് ഗുഡ്	580 - 610.00
പരിപ്പ് സെക്കൻഡ്	160.00
ജാതിപത്രി ചുവപ്പ് സെക്കൻഡ്	350.00
ജാതിപത്രി ചുവപ്പ്	1500.00
ചുവപ്പ് ഫ്ലവർ	1900.00
ഫുൾ ഫ്ലവർ	2000.00
ജാതിപത്രി മഞ്ഞ	1750.00
മഞ്ഞ ഫ്ലവർ ഗുഡ്	2100 - 2200.00
ഹൈറേഞ്ച് കായ	450.00
ഹൈറേഞ്ച് പരിപ്പ്	700 -720.00
ഹൈറേഞ്ച് ഫ്ലവർ ചുവപ്പ്	2150 - 2250.00
മഞ്ഞ ഫ്ലവർ	2200 - 2400.00
പൊള്ളാച്ചി ചുവപ്പ് ഫ്ലവർ ഫുൾ	2700- 3500.00
പൊള്ളാച്ചി മഞ്ഞ ഫുൾ	2500 - 3600.00

വടകര മാർക്കറ്റ്

രാജാപ്പൂർ	29,500
ഉണ്ട	24,000
കൊപ്ര	15,600
കൊട്ടത്തേങ്ങ	15,000-18,000
അടയ്ക്ക	33,500
കുരുമുളക്	67,500
പച്ചത്തേങ്ങ	5250

റബ്ബർ മാർക്കറ്റ് - കോട്ടയം

ആർ.എസ്.എസ്. 4	28700.00
ആർ.എസ്.എസ്. 5	28100.00
ഐ.എസ്.എൻ.ആർ.20	27150.00
60% ലാറ്റക്സ്	20075.00

സിനിമ

കണ്ണൂർ-N.S.:
- വാസുകി (ത 4)

ലിബർട്ടി പ്ലാറ്റിനം കണ്ണൂർ
- പ്രഥമദൃഷ്ട്യാ കുറ്റക്കാർ 11.30, 2.45, 6.00, 9.30

ലിബർട്ടി ഡയമണ്ട്
- Drisyam the conclusion(H) 2.45, 6.00, 9.30
- തേന്മാവിൻ കൊമ്പത്ത് 11.30

സവിത
- അവറാച്ചൻ ആൻഡ് സൺസ് 11.30 2.30, 5.30, 8.30

സാഗര
- Other Mummy (E) 11.30, 5.30, 7.15
- തേന്മാവിൻ കൊമ്പത്ത് 2.30, 9.00

സമുദ്ര
- ധൂമകേതു 11.30, 2.30
- BATHTHA (T) 5.30, 8.30

സരിത
- ധനുഷ്കോടിയിലേക്ക് 11.30, 2.30
- ചിരം 5.30, 8.30

മൂവിമാക്സ് -ചക്കരക്കൽ
- Jailor II 6.30, 9.45, 1.00, 4.15, 7.30, 10.45

തലശ്ശേരി -ലിബർട്ടി പാരഡൈസ്
- Jailer II 10.45, 2.00, 5.00, 8.05, 11.10

ലിബർട്ടി ലിറ്റിൽ പാരഡൈസ്
- Jailer II 11.10, 2.15, 5.20, 8.25, 11.30

ലിബർട്ടി സ്യൂട്ട്
- Jailer II 11.30, 2.45, 6.00, 9.30

ലിബർട്ടി ഗോൾഡ്
- Jailer II 7.00, 10.00
- അവറാച്ചൻ ആൻഡ് സൺസ് 11.30, 2.45

ലിബർട്ടി മിനി പാരഡൈസ്
- ബത്‌ലഹേം കുടുംബ യൂണിറ്റ് 11.30, 2.45
- പ്രഥമദൃഷ്ട്യാ കുറ്റക്കാർ 6.00, 9.30

തലശ്ശേരി -MAGIC FRAMES
- അവറാച്ചൻ ആൻഡ് സൺസ് 11.40
- Jailer II 8.45, 10.20, 11.45, 1.30, 2.10, 2.45, 4.40, 5.15, 5.45, 7.45, 8.20, 8.45, 10.50, 11.20, 11.45
- പ്രേക്ഷകരുടെ ശ്രദ്ധയ്ക്ക് (മ) 10.00 am

കൂത്തുപറമ്പ് -ബേബി സിനിമാസ്
- JAILER II 10.00, 10.30, 1.00, 1.30, 4.00, 4.30, 7.00, 7.30, 10.00, 10.30

തളിപ്പറമ്പ് : ആലിങ്കീൽ
- Jailor II (T 5 Show)

ആലിങ്കീൽ പാരഡൈസ്
- Jailor II

ആലക്കോട് - ഫിലിംസിറ്റി
(AC 4K 3D atmos) Ph: 0460 2970000
- ആരംഭം ഒരു അൽബാനി 7.00
- അവറാച്ചൻ ആൻഡ് സൺസ് 1.00, 4.00, 7.00
- BATHTHA 10.00, 9.30
- ധൂമകേതു 1.00, 9.45
- തേന്മാവിൻ കൊമ്പത്ത് 1.00, 4.00, 7.00, 10.00

ചെറുവത്തൂർ-പാക്കനാർ 2K-3D7.1: 9447438333
- Jailor II 10.30 1.30, 4.30, 7.30, 10.30

പഞ്ചാബ് നാഷണൽ ബാങ്ക് punjab national bank ...the name you can BANK upon!

അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശതാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്, ഗോവിന്ദപുരം, കോഴിക്കോട്– 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ പ്രൊവിസോ റൂൾ 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപ്പന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപ്പന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

	ശാഖയുടെ പേര്/അക്കൗണ്ടിന്റെ പേര്/ വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	(എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശ്ശിക തുക (സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, (ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി
1	ശാഖ: ARMB കോഴിക്കോട് (1) ശ്രീമതി.കെ.എൻ.പൂർണ്ണിമ, W/o നാരായണൻ, (2) ശ്രീ.കൊയ്യം നാരായണൻ, (3) ശ്രീമതി.കെ.എൻ.രമ്യ, (4) ശ്രീമതി.കെ.എൻ.സൗമ്യ, എല്ലാവരും താമസം: മാവില, ചാത്തോത്ത്, പാറക്കാടി, ചെങ്ങളായി, പി.ഒ.കൊയ്യം, തളിപ്പറമ്പ്, കണ്ണൂർ - 670142.	കണ്ണൂർ ജില്ലയിൽ, തളിപ്പറമ്പ് താലൂക്കിൽ, പാറക്കടി ദേശത്ത്, ചെങ്ങളായി അംശത്ത്, ചെങ്ങളായി വില്ലേജിൽ, റീ.സർവ്വേ നം.11 ൽ പെട്ട ശ്രീമതി.കെ.എൻ.പൂർണ്ണിമയുടെ ഉടമസ്ഥതയിലുള്ള 16.19 ആർസ് (40.00 സെന്റ്) സ്ഥലവും അതിലിരിപ്പ് കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** കെ.കെ.ലക്ഷ്മി വക സ്ഥലം; **വടക്ക്:** ഇതിൽ ബാക്കി സ്ഥലം (പാർവ്വതി അമ്മ വക സ്ഥലം), **പടിഞ്ഞാറ്:** റോഡ്; **തെക്ക്:** ഇതിൽ ബാക്കി സ്ഥലം (പാർവ്വതി അമ്മ വക സ്ഥലം).	(എ) 13(2) - 15-04-2017 (ബി) 30-09-2026ലെ രൂപ 2,11,80,910.14 യും 01.10.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 01-03-2018 (ഡി) പ്രത്യക്ഷ കൈവശം (എ) കരുതൽ വില: രൂപ 81.00 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 8.10 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം

സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: നിലവിൽ ഇല്ല

ഇ – ലേല തീയതിയും സമയവും: 03-11-2026ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: **02-11-2026**

വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി **31-10-2026**

ഇ– ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: വിൽപ്പന, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപ്പന **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപ്പറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം ഉള്ള വിവരങ്ങളാണ്. എന്നാൽ ഈ നോട്ടീസിലെ ഏതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. (3) ഇ- ലേല വിൽപ്പന ഓൺലൈൻ മുഖാന്തിരം **03-11-2026 രാവിലെ 11.00 മണിക്കും വൈകിട്ട് 05.00 മണിക്കും** ഇടയിൽ **https:// www.baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https:// www.baanknet.com & www.pnb.bank.in** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 15-10-2026, സ്ഥലം: കോഴിക്കോട്
(ഒപ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, സെക്യൂർഡ് ക്രെഡിറ്റർ

© 2026 All Rights Reserved. Powered by *Summit (http://www.summitindia.com)*